ബ്രീഡ് അവധി

* 209. [736] ശ്രീ. സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

ഈ കഴിഞ്ഞ ബ്രീഡ് പ്രമാണിച്ച് ഫെബ്രുവരി 16, 17–ാം തീയതികളും ഗവൺമെന്റു അവധിയായി പ്രഖ്യാപിച്ചിട്ടും ഏതാനും സ്കൂളുകളും 16–ാം തീയതി തുറന്നു പ്രവർത്തിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ചില പരാതികളും ലഭിച്ചിട്ടുണ്ട്.

ശ്രീ. സി. എം. കുട്ടി: ഈ പരാതിയിൻമേൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എടുക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട ആളുകൾക്ക് എഴുതിയിട്ടുണ്ട്.

ഫുഡ്കോർപ്പറേഷൻ ചുമട്ടുതൊഴിലാളികൾ

* 210. (737) ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് കോർപ്പറേഷൻ കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള ഡിപ്പോകളിലെ ചുമട്ടുതൊഴിലാളികൾക്കു ജോലിസ്ഥിരത, പ്രോവിഡണ്ട്ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിന്, സർക്കാർ നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവരുടെ യൂണിയനുകൾ ഇതേക്കുറിച്ച് സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ ആൻഡ് ബി) ഈ കാര്യം ഗവൺമെന്റു പരിഗണിച്ചുവരികയാണ്.

ശ്രീ. കെ. കെ. കുമാരപിള്ള: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ പ്രശ്നത്തെക്കുറിച്ച് ഒരു ഉന്നതതല കാൺഫറൻസ് നടത്തുകയും അതു പരിഗണിച്ചു വരുന്നതായും അന്നത്തെ വകുപ്പുമന്ത്രി പറയുകയുണ്ടായിട്ടുണ്ട്. ഇന്നും ആ പരിഗണനയാണോ ഉള്ളതെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: എല്ലാ ആവശ്യവും പരിശോധിച്ച് കഴിയുന്നതും വേഗംതന്നെ തീരുമാനമെടുക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: കേഷ്യധാന്യ മൊത്ത വ്യാപാരം ജില്ലാ തലസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന താലൂക്കുകളിലേക്കു ഫുഡ് കോർപ്പറേഷനു ഗവൺമെന്റു വിട്ടുകൊടുത്തിട്ടുണ്ട്. ഇവിടെ പ്രൈവറ്റ് ഹോൾസെയിൽ ഡിപ്പോകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ഇന്നു ജോലിയും മറ്റു തൊഴിൽ വേതനവും ഇല്ലാത്ത സ്ഥിതിയാണ്. ഇതേപ്പറ്റി പല നിവേദനങ്ങളും മെമ്മോറാണ്ടങ്ങളും ഗവൺമെന്റിലേക്കു സമർപ്പിച്ചിട്ടുണ്ട്. അവർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനും അവർക്ക് ജീവിക്കാനുള്ള വരു

LIBRARY ARCHIVES Kerala Legislative Assembly